"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - എൽ.എം.എസ്. - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 40/2007 നമ്പർ കേസിലെ ബാലൻസ് തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1800/2025/LSGD തീയതി, തിരുവനന്തപുരം, 21-07-2025**

---

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 27/11/2024 തീയതിയിലെ എ3/1457/2017/ടിഡ നമ്പർ കത്ത്.
2. സ.ഉ.(സാധാ) നം. 1042/2025/തസ്വഭവ, തീയതി, 25/04/2025.
3. സ.ഉ.(സാധാ) നം. 5354/2025/ധന, തീയതി, 23/06/2025.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി എൽ.എം.എസ്. - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 40/2007 നമ്പർ കേസ്, ബഹു. തിരുവനന്തപുരം സബ് കോടതിയിൽ 09/11/2024-ലെ അദാലത്തിൽ ആറുമാസത്തിനകം ം തുക കോടതിയിൽ കെട്ടി വയ്ക്കണമെന്ന നിബന്ധനയോടെ 19,23,650/- രൂപ (പത്തൊമ്പത് ലക്ഷത്തി ഇരുപത്തി മൂന്നായിരത്തി അറുന്നൂറ്റി അമ്പത് രൂപ മാത്രം)-യ്ക്ക് ഒത്തുതീർപ്പാക്കിയതായും പ്രസ്തുത തുക അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും പരാമർശം (1) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 40/2007 നമ്പർ കേസിൽ, ബഹു. തിരുവനന്തപുരം സബ് കോടതിയിൽ 09/11/2024-ൽ നടത്തിയ അദാലത്തിൽ നിബന്ധനയോടെ ഒത്തുതീർപ്പാക്കിയ തുകയായ 19,23,650/- രൂപ (പത്തൊമ്പത് ലക്ഷത്തി ഇരുപത്തി മൂന്നായിരത്തി അറുന്നൂറ്റി അമ്പത് രൂപ മാത്രം) ടി കേസിലെ കക്ഷികളായ ശ്രീ. ബാബു രാഘവൻ, ശ്രീമതി സുജാത ബാബു എന്നിവർക്ക് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം 4217-60-800-93 - Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ 19,24,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ എൽ.എം.എസ്. - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി

തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 1280/1-ൽഉൾപ്പെട്ട 0.29 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 40/2007 നമ്പർ കേസിൽ, ബഹു. തിരുവനന്തപുരം സബ് കോടതിയിൽ വച്ച് 09/11/2024-ൽ നടന്ന അദാലത്തിൽ നിബന്ധനയോടെ ഒത്തുതീർപ്പാക്കിയ തുകയായ 19,23,650/- രൂപ (പത്തൊമ്പത് ലക്ഷത്തി ഇരുപത്തിമൂന്നായിരത്തി അറുന്നൂറ്റി അമ്പത് രൂപ മാത്രം) ടി കേസിലെ കക്ഷികളായ ശ്രീ. ബാബു രാഘവൻ, ശ്രീമതി സുജാത ബാബു എന്നിവർക്ക് അനുവദിക്കുന്നതിനായി '4217-60-800-93 Payment of compensation in LAR Cases (Plan - Charged)' എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവിനന്തപുരം വികസന അതോറിറ്റി.
ശ്രീ. ബാബു രാഘവൻ, 'Ashian', തിരുമുല്ലവാരം, കൊല്ലം 12 (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീമതി സുജാത ബാബു, 'Ashian', തിരുമുല്ലവാരം, കൊല്ലം 12 (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
ധനകാര്യ വകുപ്പ് (WCD-3/159/2025-FIN dated 29/06/2025)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/365 /2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 23-07-2025 10:15:51
സെക്ഷൻ ഓഫീസർ